**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **15-03-2022 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപക നിയമനത്തിന് യു.ജി.സി. മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് യു.ജി.സി. മാനദണ്ഡം പാലിച്ചാണോ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ/ ഗവണ്മെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചാണ് അധ്യാപക നിയമനം. |
| (ബി) | യു.ജി.സി. മാനദണ്ഡം അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം നിഷ്കർഷിച്ചിട്ടുണ്ടോ; | (ബി) | യു.ജി.സി മാനദണ്ഡം അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം നിഷ്കർഷിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ബി.എഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി പ്രവർത്തി പരിചയം ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ബി.എഡ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾ യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകൾ എല്ലാം തന്നെ പാലിച്ചാണ് നടത്തുന്നത്. ഉദ്യോഗാർത്ഥികളെ മികച്ച അദ്ധ്യാപകരാക്കാൻ പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങളാണ് ഗവണ്മെന്റ് ബി.എഡ് കോളേജുകൾ. പ്രവർത്തി പരിചയം ഉള്ള അദ്ധ്യാപകരിലൂടെ പരിശീലനം ലഭിക്കുന്നത് ഈ രംഗത്ത് മികച്ച ഗുണനിലവാരം ഉറപ്പാക്കുന്നതിനും മികവുറ്റ അധ്യാപകരാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതുമാണ്. ഈ മേഖലയിൽ മികച്ച ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് സ്പെഷ്യൽ റൂൾ പ്രകാരം പ്രവർത്തിപരിചയം ഉൾപ്പെടുത്തിയിരിക്കുന്നത്; സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന സമയത്ത് ഇത് പുന:പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ